ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) :

(എ) ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾ റേഷൻ കടകളിലൂടെയും നിത്യോപയോഗ സാധനങ്ങൾ മാവേലി സ്റ്റോറുകൾ, മൊബൈൽ മാവേലി സ്റ്റോറുകൾ, ലാഭം മാർക്കറ്റുകൾ എന്നിവ വഴിയും കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്തുവരുന്നു. കൂടാതെ ഉത്സവകാലങ്ങളിൽ വിലക്കയറ്റം കർശനമായി നിയന്ത്രണ വിധേയമാക്കാൻ ക്രിസ്തുമസ്, റംസാൻ, ഓണം മാർക്കറ്റുകളും ഫെയറുകളും എല്ലാ ജില്ലകളിലും നടത്തുന്നതിനും പുറമേ ആയിരത്തിൽ അധികം സഹകരണ സംഘങ്ങൾ വഴിയും സാധനങ്ങൾ വിതരണം ചെയ്തുവരുന്നുണ്ട്.

(ബി ആന്റ് സി) കഴിഞ്ഞ ആറു മാസത്തിനിടയിൽ നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചുവരുന്നു എന്നു പറയുന്നതു ശരിയല്ല. ആറു മാസത്തെ വിലകൾ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകുന്നുണ്ട്. ചെറുപയർ, പരിപ്പ്, ഉഴുന്ന് പൊളി, വൻപയർ, മല്ലി, ഉലുവ, പഞ്ചസാര എന്നിവയ്ക്ക് കഴിഞ്ഞ ആറ് മാസത്തിനിടയ്ക്ക് പൊതു വിപണി വില ക്രമമായി കുറയുകയാണ് ചെയ്തിട്ടുള്ളത്. തുവരപ്പരിപ്പ്, മുളക്, കടുക് എന്നിവയ്ക്ക് മാത്രമേ ചെറിയ വിലക്കയറ്റം വന്നതായി കാണുന്നുള്ളു.

(ഡി) ഓണച്ചന്തകൾക്ക് പുറമേ ക്രിസ്തുമസ്, റംസാൻ ഫെയറുകൾ കൂടി നടത്തിവരുന്നുണ്ട്. കൂടാതെ പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 835 മാവേലി സ്റ്റോറുകളും 21 മൊബൈൽ മാവേലി സ്റ്റോറുകളും 100 ലാഭം മാർക്കറ്റുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

(ഇ) നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിച്ചു നിർത്താൻ കഴിഞ്ഞിട്ടുണ്ട്. സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

സംസ്ഥാനത്തെ വാനില കൃഷി

*15 [75] ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒട്ടാകെ എത്ര ഹെക്ടർ പ്രദേശത്ത് വാനില കൃഷി ചെയ്തിട്ടുണ്ട്;

(ബി) ഇപ്പോൾ ഏറ്റവും ആദായകരമായ കൃഷികളിലൊന്നാണ് വാനില കൃഷി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ വാനില കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

†അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) സംസ്ഥാനത്തൊട്ടാകെ ഏതാണ്ട് 300 ഹെക്ടറോളം പ്രദേശത്ത് വാനില കൃഷി ഉള്ളതായാണ് കണക്ക്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) വാനില കൃഷി വികസിപ്പിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ മാക്രോ മാനേജ്മെന്റ് പദ്ധതി പ്രകാരം 2003-04 വർഷത്തിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഗുണമേന്മയുള്ള നല്ലയിനം വാനില തൈകളുടെ ഉൽപ്പാദനത്തിനായി 2002-03 വർഷം 15 ലക്ഷം രൂപ വകയിരുത്തുകയുണ്ടായി. അതു പ്രകാരം പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിലെ സർക്കാർ ഫാമുകളിൽ വാനില തൈകൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം ഉൽപ്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള വാനില തൈകൾ 25% സബ്സിഡി നിരക്കിൽ കർഷകർക്കു വിതരണം ചെയ്യുന്നു.

കഴക്കൂട്ടത്തെ മോഡൽ ഫ്ളോറികൾച്ചർ ലാബിൽ വാനിലയുടെ ടിഷ്യൂകൾച്ചർ തൈകൾ ഉല്പാദിപ്പിച്ചു വിതരണം ചെയ്യാനും നടപടി എടുത്തുവരുന്നു.

വനഭൂമിയുമായി ബന്ധപ്പെട്ട കേസുകൾ

*16 [76] ശ്രീ. ടി. കെ. ബാലൻ :

,, എ. കെ. ബാലൻ :

,, കെ. കെ. ജയചന്ദ്രൻ :

,, പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനഭൂമിയുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നതുമൂലം തുടർച്ചയായി കേസുകൾ പരാജയപ്പെടുന്നതായ പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) വനഭൂമിയുമായി ബന്ധപ്പെട്ട കേസുകളിൽ സർക്കാർ പരാജയപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഏറ്റെടുത്ത എത്ര ഏക്കർ വനഭൂമി ഇതിനകം സ്വകാര്യ വ്യക്തികൾക്ക് തിരിച്ചു നൽകേണ്ടി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പരാജയപ്പെട്ട ഏതെല്ലാം കേസുകളിൽ സർക്കാർ അപ്പീൽ പോയിട്ടുണ്ടെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly